2025 APRIL
28
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഭീകരരെ സുരക്ഷാസേന കണ്ടെത്തിയെന്ന് റിപ്പോർട്ട്

**ന്യൂഡൽഹി:** ജമ്മുകാഷ്മീരിലെ പഹൽഗാമിൽ ആക്രമണം നടത്തിയ ഭീകരരും സുരക്ഷാ ഏജൻസികളും തമ്മിൽ വെടിവെയ്പ്പുണ്ടായതായി റിപ്പോർട്ട്.

കുൽഗാം വനമേഖലയിൽ വച്ചാണ് വെടിവെപ്പുണ്ടായത്. ഇവിടെ നിന്ന് രക്ഷപ്പെടുന്നതിനിടെ സൈന്യത്തിന് നേരെ ഭീകരർ വെടിവച്ചു. തുടർന്ന് സൈന്യം തിരിച്ചടിച്ചു. കഴിഞ്ഞ അഞ്ച് ദിവസത്തിനിടെ നാലിടങ്ങളിൽ സൈന്യം ഭീകരർക്ക് സമീപത്തെത്തിയതായാണ് റിപ്പോർട്ടുകൾ.

ഭീകരർ നിലവിൽ ദക്ഷിണകാഷ്മീരിൽ തന്നെയുണ്ട് എന്നാണ് സുരക്ഷാ ഏജൻസികളുടെ അനുമാനം. നാല് ഭീകരർക്കുമായി വ്യാപകമായ തിരച്ചിലാണ് കാഷ്മീർ താഴ്വരയിൽ നടക്കുന്നത്.

സൈന്യവും സിആർപിഎഫും ജമ്മുകാഷ്മീർ പോലീസും സംയുക്തമായാണ് തിരച്ചിൽ നടത്തുന്നത്. കഴിഞ്ഞ അഞ്ച് ദിവസങ്ങൾക്കിടെ നാല് വ്യത്യസ്ത സ്ഥലങ്ങളിൽ വച്ച് ഇവരെ കണ്ടെത്താൻ സുരക്ഷാ ഏജൻസികൾക്ക് സാധിച്ചിരുന്നു.



അനന്ത്നാഗിലെ ഹാപ്പെത് നഗർ ഗ്രാമത്തിൽ വച്ചാണ് ആദ്യം ഭീകരരെ കണ്ടത്. തദ്ദേശവാസികളിൽ നിന്നും വിവിധ സുരക്ഷാ ഏജൻസികളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് റെയ്ഡുകൾ നടക്കുന്നത്.

ഇതിനിടെയാണ് ഇവരെ ഹാപ്പെത് നഗറിൽ വച്ച് കണ്ടെത്തിയത്. പക്ഷെ ഇവർ സുരക്ഷാസേനയുടെ കണ്ണുവെട്ടിച്ച് കടന്നുകളഞ്ഞു. തുടർന്ന് കുൽഗാം വനമേഖലയിൽ ഇവരുടെ സാന്നിധ്യം തിരിച്ചറിഞ്ഞു.

പക്ഷെ പിടികൂടുന്നതിന് മുമ്പ് തന്നെ ഭീകരർ രക്ഷപ്പെട്ടു. സുരക്ഷാസേനയ്ക്ക് നേരെ വെടിയുതിർത്തതിന് ശേഷം ഭീകരർ വനമേഖലയിലേക്ക് കടക്കുകയാണുണ്ടായത്.

മൂന്നാമത് ത്രാൽ മലനിരകളിൽ വച്ചാണ് ഇവരെ സുരക്ഷാസേന കണ്ടതെന്നാണ് റിപ്പോർട്ടുകൾ. അവസാനം ഇവരെ കൊക്കെമാർഗ് മേഖലയിലാണ് കണ്ടെത്തിയതെന്നാണ് വിവരം. നിലവിൽ ഭീകരർ ഈ പ്രദേശത്ത് തന്നെയുണ്ടെന്നാണ് അനുമാനം.

ദക്ഷിണ കാഷ്മീരിൽ നിന്ന് ജമ്മു മേഖലയിലേക്ക് കടക്കാനുള്ള ശ്രമമാണ് ഭീകരരുടെ ഭാഗത്തുനിന്നുണ്ടാകുന്നതെന്നാണ് സുരക്ഷാ ഏജൻസികളുടെ വിലയിരുത്തൽ. ഇതിനിടെ ഭീകരർ കാഷ്മീരിലെ ഒരു വീട്ടിൽ അത്താഴത്തിൻറെ സമയത്ത് എത്തിയതായി രഹസ്യാന്വേഷണ ഏജൻസികൾക്ക് വിവരം ലഭിച്ചിരുന്നു.

പക്ഷെ വിവരം ലഭിച്ച് പോലീസും സൈന്യവുമൊക്കെ എത്തുന്നതിന് മുമ്പ് ഭീകരർ ഭക്ഷണവുമായി കടന്നുകളഞ്ഞതായാണ് വിവരം. പഹൽഗാമിൽ വിനോദസഞ്ചാരികളെ ആക്രമിച്ചതിന് ശേഷം അവിടെനിന്ന് രണ്ട് മൊബൈൽ ഫോണുകൾ ഭീകരർ കൊണ്ടുപോയിട്ടുണ്ട്.

# വ്യോമാതിർത്തി നിയന്ത്രണം: വിമാനക്കമ്പനികൾക്ക് നിർദ്ദേശവുമായി കേന്ദ്രസർക്കാർ

**കൊച്ചി:** അന്താരാഷ്ട്ര വ്യോമാതിർത്തി അടച്ചതിന്റെയും വിമാനയാത്രാ നിയന്ത്രണങ്ങളുടെയും പശ്ചാത്തലത്തിൽ വിമാനക്കമ്പനികൾക്ക് നിർദ്ദേശവുമായി കേന്ദ്ര സർക്കാർ. ഒട്ടേറെ വ്യോമ പാതകളിൽ കാര്യമായ മാറ്റം വന്ന സാഹചര്യത്തിൽ വിമാന യാത്രാ ദൈർഘ്യം വർദ്ധിക്കുന്നതിനും, വിവിധ ആവശ്യങ്ങൾക്കുള്ള സാങ്കേതിക സ്റ്റോപ്പിനും കാരണമാകുന്നു. യാത്രക്കാരുടെ സുഖസൗകര്യങ്ങൾ, സുരക്ഷ, നിയന്ത്രണങ്ങൾ എന്നിവ നിരന്തരം ഉറപ്പാക്കുന്നതിന്, ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ എല്ലാ വിമാനക്കമ്പനികളോടും അടിയന്തര പ്രാബല്യത്തോടെയുള്ള മെച്ചപ്പെട്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചു.വ്യോമ പാതയിലെ മാറ്റങ്ങൾ, യാത്രാ സമയത്തിലെ വർദ്ധന, യാത്രയ്ക്കിടെയുള്ള സാങ്കേതിക തടസ്സങ്ങൾ എന്നിവ സംബന്ധിച്ച് യാത്രക്കാരെ മുൻകൂട്ടി അറിയിക്കണം. ഈ ആശയവിനിമയം ചെക്ക്ഇൻ, ബോർഡിംഗ് എന്നിവിടങ്ങളിലും ഡിജിറ്റൽ അലേർട്ടുകൾ എന്നിവ മുഖേനയും നടപ്പിലാക്കണം.വിമാനയാത്രയിലുത്തിലുടനീളം മതിയായ ഭക്ഷണം, കുടിവെള്ളം, പ്രത്യേക ഭക്ഷണത്തിന്റെ ലഭ്യത എന്നിവ ഉറപ്പാക്കിക്കൊണ്ട്. ഏതെങ്കിലും സാങ്കേതിക സ്റ്റോപ്പ് ഓവറുകൾ ഉൾപ്പെടെ, യഥാർത്ഥ യാത്രാ സമയം അടിസ്ഥാനമാക്കി ഭക്ഷണ വിതരണം പരിഷ്ക്കരിക്കാൻ വിമാനക്കമ്പനികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.വിമാനത്തിനുള്ളിൽ മരുന്നുകളും ഉപകരണങ്ങളും അടക്കമുള്ള മെഡിക്കൽ സപ്ലൈ ആവശ്യത്തിന് ഉണ്ടെന്ന് വിമാനക്കമ്പനികൾ ഉറപ്പുവരുത്തുകയും സാങ്കേതിക സ്റ്റോപ്പിന് സാധ്യതയുള്ള വിമാനത്താവളങ്ങളിൽ അടിയന്തര സേവനങ്ങളുടെ ലഭ്യത പരിശോധിക്കുകയും വേണം.കാലതാമസം, നഷ്ടപ്പെട്ട കണക്ഷൻ ഫ്ലൈറ്റുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ പ്രകാരം, സഹായധനമോ നഷ്ടപരിഹാരമോ നൽകാൻ കോൾ സെന്ററുകളും ഉപഭോക്തൃ സേവന സംഘങ്ങളും സജ്ജമായിരിക്കണം.



# ഇന്ത്യക്കാർ 15 വർഷംകൊണ്ട് വാങ്ങിക്കൂട്ടിയത് 12,000 ടൺ സ്വർണം, ലാഭം 60 ലക്ഷം കോടി രൂപ!

**കൊച്ചി:** ഇന്ത്യൻ സ്ത്രീകൾക്ക്, പ്രത്യേകിച്ച് ദക്ഷിണേന്ത്യക്കാർക്ക് സ്വർണത്തോടുള്ള കമ്പം ലോകപ്രശസ്തമാണ്. സ്വർണം വാങ്ങിക്കൂട്ടുന്നത് ഡെഡ് ഇൻവെസ്റ്റ്മെന്റ് എന്നാണ് ഒരുകൂട്ടരുടെ വാദം. എന്നാൽ, കഴിഞ്ഞ 15 വർഷംകൊണ്ട് ഇന്ത്യൻ കുടുംബങ്ങൾ വാങ്ങിക്കൂട്ടിയത് ചില്ലറ സ്വർണമൊന്നുമല്ല, ഏതാണ്ട് 12,000 ടൺ. 2010 മുതൽ 2024 വരെയുള്ള കാലയളവിലാണ് ഇത്. ഇതിൽ ഏതാണ്ട് 8,700 ടണ്ണും സ്വർണാഭരണം തന്നെയാണ്.



സ്വർണവില റെക്കോഡ് വേഗത്തിൽ കുതിച്ചുയർന്നതോടെ, ബംബറടിച്ചിരിക്കുകയാണ് സ്വർണ ശേഖരമുള്ളവർ. ഓരോ വർഷത്തെയും ശരാശരി വില കണക്കിലെടുത്താൽ, ഇത്രയും സ്വർണം വാങ്ങാനെടുത്ത ചെലവ് 50 ലക്ഷം കോടി രൂപ വരും. ഇതിന്റെ ഇപ്പോഴത്തെ മൂല്യമാകട്ടെ 110 ലക്ഷം കോടി രൂപയും. ഇന്ത്യൻ കുടുംബങ്ങളുടെ മൊത്തം ലാഭം 60 ലക്ഷം കോടി രൂപ!

15 വർഷംകൊണ്ടുള്ള കണക്ക് ഇതാണെങ്കിൽ, ഇന്ത്യയിലെ വീടുകളിൽ മൊത്തമുള്ള സ്വർണ ശേഖരം 25,000 ടൺ വരും. വേൾഡ് ഗോൾഡ് കൗൺസിൽ കഴിഞ്ഞ വർഷം പുറത്തുവിട്ട റിപ്പോർട്ട് പ്രകാരമാണ് ഇത്. തിരുവനന്തപുരത്തെ പദ്മനാഭ സ്വാമി ക്ഷേത്രം ഉൾപ്പെടെ ദക്ഷിണേന്ത്യയിലെ ക്ഷേത്രങ്ങളിൽ മൊത്തം 3,0005,000 ടൺ സ്വർണ ശേഖരമുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇതിനു പുറമെ, റിസർവ് ബാങ്കിന്റെ കരുതൽ ശേഖരത്തിൽ 879 ടൺ സ്വർണമുണ്ട്. ഇതെല്ലാം ചേരുമ്പോൾ ഇന്ത്യയിലെ മൊത്തം സ്വർണ ശേഖരം ഏതാണ്ട് 30,000 ടൺ വരും. ഇപ്പോഴത്തെ വില അനുസരിച്ച് ഇതിന്റെ മൂല്യം 3.2 ലക്ഷം കോടി ഡോളർ വരും. അതായത്, ഏതാണ്ട് 275 ലക്ഷം കോടി രൂപ






സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സ് ആന്റ് കസ്റ്റംസ് (സിബി ഐസി) തിരുവനന്തപുരം സോണിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ നടന്ന റോസ്ഗാർ മേളയിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, സെൻട്രൽ ടാക്സ്, സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് തിരുവനന്തപുരം സോൺ ചീഫ് കമ്മീഷണർ ഷെയ്ഖ് ഖാദർ റഹ്മാൻ ഐ.ആർ.എസ് എന്നിവർക്കൊപ്പം നിയമന ഉത്തരവ് ലഭിച്ച ഉദ്യോഗാർഥികൾ

# നാഗരിക് ദേവോ ഭവഃ, ഏക് പേഡ് മാ കേ നാം ക്യാമ്പയനുകൾക്ക് തുടക്കം കുറിച്ച് പ്രധാനമന്ത്രി

**കൊച്ചി:** പതിനഞ്ചാമത് ദേശീയതല റോസ്ഗാർ മേള ഓൺലൈനായി ഉദ്ഘാടനം ചെയ്ത് കേന്ദ്രസർക്കാർ ജീവനക്കാർക്ക് പുതിയ രണ്ട് ആപ്തവാക്യം പ്രദാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോഡി. 'നാഗരിക് ദേവോ ഭവഃ','ഏക് പേഡ് മാ കേ നാം' എന്നിവയാണത്. നാഗരിക് ദേവോ ഭവഃ എന്നതിലൂടെ പൗരന്മാരെ സേവിക്കുന്നത് ദൈവത്തെ ആരാധിക്കുന്നതിന് സമാനമാണെന്നും, പുതിയതായി നിയമനം ലഭിച്ച 51000 ലധികം ഉദ്യോഗാർഥികളുടെ സ്വപ്നം സാക്ഷാൽക്കരിച്ചു. ഇനി ഇവരുടെ ഉത്തരവാദിത്വമാണ് രാജ്യത്തെ 140 കോടി ജനങ്ങളെ സേവിക്കുകയെന്നത്. സ്ഥാനങ്ങൾ വഹിക്കുക മാത്രമല്ല, ഇന്ത്യയിലെ ഓരോ പൗരനെയും സേവിക്കുകയും രാജ്യത്തിന്റെ പുരോഗതിക്ക് തങ്ങളാലാവുന്ന സംഭാവന നൽകുകയും ചെയ്യുക എന്നതാണ് ഈ സ്ഥാനലബ്ധിയുടെ ലക്ഷ്യം. ആത്മാർത്ഥതയോടും അർപ്പണബോധത്തോടും കൂടി പ്രവർത്തിച്ചാൽ ഇന്ത്യ വികസിതവും സമ്പന്നവുമായ ഒരു രാഷ്ട്രമായി മാറും.

നിയമനം ലഭിച്ചവർ 'ഏക് പേഡ് മാ കേ നാം' എന്ന കാമ്പെയിന്റെ ഭാഗമായി പ്രകൃതിയോടുള്ള സ്നേഹത്തിന്റെയും സേവനത്തിന്റെയും അടയാളമായി അമ്മയുടെ പേരിൽ ഒരു മരം നടാൻ എല്ലാവരും തയ്യാറാകണമെന്നും പ്രധാന മന്ത്രി പറഞ്ഞു. വിജയകരമായ കരിയറിനൊപ്പം ആരോഗ്യകരമായ ജീവിതം പ്രധാന ഘടകമാണ്. വ്യക്തിപരമായി മാത്രമല്ല, ജോലിയിലെ കാര്യക്ഷമതയ്ക്കും രാജ്യത്തിന്റെ ഉൽപ്പാദനക്ഷമതയ്ക്കും ആരോഗ്യം അത്യന്താപേക്ഷിതമാണ്. ഇതിന് തുടക്കം കുറിക്കാൻ ജൂണിൽ വരുന്ന അന്താരാഷ്ട്ര യോഗദിനം മികച്ച അവസരമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സ് ആന്റ് കസ്റ്റംസ് (സിബി ഐസി) തിരുവനന്തപുരം സോണിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ നടന്ന മേളയിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി മുഖ്യ അതിഥിയായി പങ്കെടുത്തു. ചടങ്ങിൽ പങ്കെടുത്ത 169 ഉദ്യോഗാർഥികൾക്ക് നിയമന ഉത്തരവ് കേന്ദ്രമന്ത്രി സുരേഷ് ഗോപി കൈമാറി. സെൻട്രൽ ടാക്സ്, സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് തിരുവനന്തപുരം സോൺ ചീഫ് കമ്മീഷണർ ഷെയ്ഖ് ഖാദർ റഹ്മാൻ ഐ.ആർ.എസ് അധ്യക്ഷത വഹിച്ചു.

# പേരറിയാത്ത രോഗം മുട്ടുമടക്കി; അനന്തു ഇനി ബാങ്കുദ്യോഗസ്ഥൻ

**കൊച്ചി:** വൈദ്യശാസ്ത്രത്തിന് പോലും കണ്ടെത്താൻ കഴിയാത്ത രോഗത്തെ നിശ്ചയദാർഢ്യം കൊണ്ട് പൊരുതി തോൽപ്പിച്ചാണ് വയനാട് മാനന്തവാടി സുധർമ്മ ഹൗസിൽ എസ് അനന്തു(28) സ്ഥിരവരുമാനമുള്ള ജോലിയെന്ന തന്റെ ചിരകാല സ്വപ്നം നേടിയെടുത്തത്. പതിനഞ്ചാമത് ദേശീയതല റോസ്ഗാർ മേളയുടെ ഭാഗമായി സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സ് ആൻഡ് കസ്റ്റംസ് (സിബി ഐസി) തിരുവനന്തപുരം സോണിന്റ നേതൃത്വത്തിൽ എറണാകുളം ടി.ഡി.എം ഹാളിൽ സംഘടിപ്പിച്ച മേളയിൽ കേന്ദ്ര പെട്രോളിയം ആന്റ് ടൂറിസം വകുപ്പ് സഹമന്ത്രി സുരേഷ് ഗോപിയിൽ നിന്നും ബാങ്ക് ഓഫ് ബറോഡയിൽ ക്ലാർക്കായുള്ള നിയമന ഉത്തരവ് ഏറ്റുവാങ്ങിയപ്പോൾ വിധി സമ്മാനിച്ച പേരറിയാത്ത രോഗം പോലും അനന്തുവിന്റെ കണ്ണുകളിൽ വിരിഞ്ഞ വിജയത്തിളക്കത്തിൽ മുട്ടു മടക്കി. കൈകളുടെയും കാലുകളുടെയും മസിൽ ചുരുങ്ങുന്ന രോഗമുള്ള അനന്തുവിനെ സംഘാടകർ താങ്ങിപ്പിടിച്ചാണ് വേദിയിൽ എത്തിച്ചത്. ഏഴാം വയസിലാണ് ജീവിതത്തിൽ കരിനിഴൽ വീഴ്ത്തിയ രോഗം അനന്തുവിൽ കണ്ടെത്തുന്നത്. നടക്കുമ്പോൾ ഒരു വശം ചെരിഞ്ഞു പോകുന്നതുപോലെയായിരുന്നു തുടക്കം.ആദ്യമേയൊന്നും ആരും ഇത് കാര്യമാക്കിയില്ല. പിന്നീട് കാൽപാദം പാടെ ചരിഞ്ഞതോടെ അമ്മ സജിമോൾ അന്തുവിനെ ആശുപത്രിയിൽ കാണിച്ചു. ക്രമേണ കൈകളുടെയും സ്വാധീനം കുറഞ്ഞു തുടങ്ങി നിരവധി ആശുപത്രികൾ കയറിയിറങ്ങി ഒട്ടേറെ പരിശോധനകൾ നടത്തിയെങ്കിലും രോഗം എന്താണെന്ന് മാത്രം കണ്ടുപിടിക്കാൻ സാധിച്ചില്ല. എൽ.ഐ.സി ഏജന്റായ സജിമോളുടെ വരുമാനത്തിലായിരുന്നു അനന്തുവും സഹോദരി അർച്ചനയും




പതിനഞ്ചാമത് ദേശീയ തല റോസ്ഗാർ മേളയുടെ ഭാഗമായി സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സ് ആൻഡ് കസ്റ്റംസ് (സിബി ഐസി) തിരുവനന്തപുരം സോണിന്റ നേതൃത്വത്തിൽ എറണാകുളം ടി.ഡി.എം ഹാളിൽ സംഘടിപ്പിച്ച മേളയിൽ കേന്ദ്ര പെട്രോളിയം ആന്റ് ടൂറിസം വകുപ്പ് സഹമന്ത്രി സുരേഷ് ഗോപിയിൽ നിന്നും എസ് അനന്തു ബാങ്ക് ഓഫ് ബറോഡയിൽ ക്ലാർക്കായുള്ള നിയമന ഉത്തരവ് ഏറ്റുവാങ്ങിയപ്പോൾ. സെൻട്രൽ ടാക്സ്, സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് തിരുവനന്തപുരം സോൺ ചീഫ് കമ്മീഷണർ ഷെയ്ഖ് ഖാദർ റഹ്മാൻ ഐ.ആർ.എസ് സമീപം

അടങ്ങുന്ന കുടുംബം കഴിഞ്ഞിരുന്നത്. വാടകവീട്ടിലായിരുന്നു താമസം. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിരുന്നുവെങ്കിലും ബംഗളുരുവിലെ നിംഹാൻസിൽ അനന്തുവിനെ എത്തിച്ചു പരിശോധന നടത്തിയെങ്കിലും എന്താണ് രോഗമെന്ന് കണ്ടെത്താൻ കഴിഞ്ഞില്ല. ഇതിനിടയിൽ സ്കൂൾ, കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ അനന്തു എങ്ങനെയും ഒരു ജോലി നേടാനുള്ള ശ്രമം ആരംഭിച്ചു. എന്തെങ്കിലും ബിസിനസ് ചെയ്യാമെന്നായിരുന്നു തുടക്കത്തിൽ തീരുമാനിച്ചതെങ്കിലും ശാരീരിക വെല്ലുവിളികൾ അതിനു തടസമാകുമെന്നേ ബോധ്യമായതോടെ ജോലി നേടാനായിരുന്നു പിന്നീടുള്ള ശ്രമം. ഡെവലപ്മെന്റ് എക്കണോമിക്സിൽ ബിരുദം നേടിയിരുന്നതിനാൽ ആ വഴിയ്ക്കുള്ള ജോലിയ്ക്ക് ശ്രമം ആരംഭിച്ചു. അമ്മ സജിമോളുടെ നിർദ്ദേശം പ്രകാരം ബാങ്ക് ജോലിയ്ക്കുള്ള കോച്ചിംഗിന് ചേർന്ന് പഠനം ആരംഭിച്ചു. 2021 മുതൽ മൂന്നു തവണ ഐബിപിഎസ് - ക്ലാർക്ക് പരീക്ഷ എഴുതിയെങ്കിലും മൂന്നു തവണയും മെയിൻസിൽ പരാജയപ്പെട്ടു. പ്രിലിംസ് മാത്രമാണ് അനന്തുവിന് വിജയിക്കാൻ സാധിച്ചത്. പഠനത്തിനായി നല്ലൊരു തുക ചിലവായെങ്കിലു വിജയിക്കാൻ കഴിയാതെ വന്നതോടെ അന്തുവിന്റെ മനസ് മടുത്തുവെങ്കിലും അമ്മ സജിമോൾ അന്തുവിനെ വീണ്ടും പ്രോൽസാഹിപ്പിച്ചുകൊണ്ടിരുന്നു. 2024 ൽ നടന്ന പരീക്ഷയിൽ പ്രിലിംസും മെയിൻസും പാസായി തന്റെ സ്വപ്നത്തിലേക്കുള്ള ആദ്യ പടി കടന്നു. ഇന്നലെ എറണാകുളത്ത് നടന്ന റോസ്ഗാർ മേളയിൽ ബാങ്ക് ഓഫ് ബറോഡ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപിയിൽ നിന്ന് അനന്തു നിയമന ഉത്തരവ് ഏറ്റുവാങ്ങിയത്. സുഹൃത്തുക്കളുടെയും മറ്റും സഹായത്തോടെയും ബാങ്കിൽ നിന്നും വായ്പെടുത്തും സ്വന്തമായി ഒരു വീടു നിർമ്മിച്ച് വാടക വീടുക തേടിയുള്ള യാത്രയ്ക്ക് അനന്തു വിരാമം ഇട്ടിരുന്നു. കടങ്ങൾ വീട്ടണം അസിസ്റ്റന്റ് മാനജർ തസ്തികയിലേക്കുള്ള പരീക്ഷ എഴുതി പാസാകണം അതിനാണ് ഇനിയുള്ള തന്റെ ശ്രമമെന്നും അനന്തു പറഞ്ഞു.



# സ്കൂൾവിപണിയുമായി കൺസ്യൂമർ ഫെഡ്

**കോട്ടയം:** വമ്പിച്ച ഓഫറുകളും വിലക്കുറവുമായി എന്റെ കേരളം പ്രദർശന വിപണന മേളയിൽ തിരക്കേറി കൺസ്യൂമർ ഫെഡ് സ്റ്റാൾ. മേള കാണാൻ എത്തുന്നവർ കൈ നിറയെ സാധനങ്ങളുമായി മടങ്ങാനുള്ള അവസരമാണ് കൺസ്യൂമർ ഫെഡ് ഒരുക്കിയിരിക്കുന്നത്. സ്കൂൾ തുറക്കാൻ ഇനി ഒരു മാസം ബാക്കി നിൽക്കേ കുട്ടികൾക്കുള്ള പഠനോപകരണങ്ങളും വീട്ടാവശ്യങ്ങൾക്കുള്ള സാധനങ്ങളും ഇവിടെ ലഭ്യമാണ്. പൊതു വിപണിയിൽ നിന്ന് 30 ശതമാനം വരെ വിലക്കുറവാണ് ഇവിടെ. ബുക്ക്, ബാഗ്, പേന, പേപ്പർ, കുടകൾ അങ്ങനെ തുടങ്ങി വിദ്യാർത്ഥികൾക്ക് വേണ്ടതെല്ലാം ഒറ്റ കുടകീഴിൽ ലഭ്യമാണ്. അതോടൊപ്പം, ത്രിവേണി സാധനങ്ങൾക്കും വിലക്കുറവിൽ ലഭ്യമാണ്. 160 പേജുള്ള ബുക്കിന് 28.80 രൂപയും 200 പേജുള്ളതിന് 40.20 രൂപയുമാണ് വില. പേപ്പർ റോൾ45, ബാഗ് 628, കുട 535, എന്നിങ്ങനെയാണ് വില. സ്കെയിൽ, പേപ്പർ, സ്കൂൾ ബോക്സുകൾ, വാട്ടർ ബോട്ടിൽ, പെൻസിൽ തുടങ്ങി എല്ലാം ഇവിടെ ലഭിക്കും. നിത്യോപയോഗ സാധനങ്ങളായ മഞ്ഞൾപ്പൊടി, മുളക് പൊടി, അരിപ്പൊടി,വെളിച്ചണ്ണ എന്നിവയ്ക്കും 20 ശതമാനം മുതൽ 40 ശതമാനം വരെ വിലക്കുറവുണ്ട്. സ്കൂൾ തുറക്കുന്നതിനോടനുബന്ധിച്ച് സർക്കാർ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന കൺസ്യൂമർഫെഡിന്റെ വിപണി രക്ഷകർത്താക്കൾക്ക് സഹായമായി മാറിയിരിക്കുകയാണ്.

# സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റങ്ങൾ പ്രതിഫലിപ്പിച്ച് പ്രദർശന സ്റ്റാൾ



**കോട്ടയം:** മനുഷ്യസഹായമില്ലാതെ ചെടികൾക്ക് വെള്ളം ലഭ്യമാക്കുന്ന ഓട്ടോമാറ്റിക് പ്ളാൻറ് വാട്ടർ സംവിധാനം, പാത്രം വെച്ചാൽ തനിയെ വെള്ളം പാത്രത്തിലേക്കു വീഴുന്ന ഓട്ടോമാറ്റിക് വാട്ടർ ഡിസ്പെൻസർ, പ്രളയവും മണ്ണിടിച്ചിലും പോലുള്ള ദുരന്തങ്ങൾ മുൻകൂട്ടി അറിയാനുള്ള സംവിധാനം. കടുത്തുരുത്തി, പാലാ പോളിടെക്നിക്കുകളിലെയും ,ആർ.ഐ.ടി. പാമ്പാടിയിലെയും കമ്പ്യൂട്ടർ എൻജിനീയറിങ് വിദ്യാർഥികൾ നിർമിച്ച സാങ്കേതിക വിദ്യകളാണിവ. പ്രൊജക്ടുകളുടെ ഭാഗമായാണ് വിദ്യാർഥികൾ ഇത്തരം ഉപകരണങ്ങൾ നിർമിച്ചത്. കുറഞ്ഞ ചെലവിലാണ് വിദ്യാർഥികൾ എല്ലാം തന്നെ ഇത്തരം സാങ്കേതിക ഉപകരണങ്ങൾ നിർമിച്ചത്.

രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് നടക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേളയിലൂടെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങൾ പ്രദർശിപ്പിക്കുകയാണ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ സ്റ്റാൾ.

റൈറ്റിംഗ് റോബോട്ട്, സ്മാർട്ട് എനർജി മീറ്റർ, ഭാരവസ്തുക്കൾ എടുത്തു മാറ്റാൻ ശേഷിയുള്ള ആർട്ടിക്കുലേറ്റഡ് റോബോട്ട്, വൈ ഫൈയിലൂടെ റോബോട്ടിന്റെ കൈകളുടെ ചലനം കാണിച്ചു തരുന്ന സാങ്കേതിക വിദ്യ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് നിർമിച്ച കരിയിലകൾ അടിച്ചു വാരുന്ന യന്ത്രം അങ്ങനെ അനവധി സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്ന ഉപകരണങ്ങളാണ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ സ്റ്റാളിലുള്ളത്.

സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മികവിന്റെ പാതയിലേക്ക് ഉയർന്നതിന്റെ തെളിവുകളാണ് വകുപ്പിന്റെ സ്റ്റാൾ.




കൊച്ചി എളമക്കര സരസ്വതി വിദ്യാനികേതൻ സ്കൂളിൽ നടന്ന ദുർഗാവാഹിനി ശൗര്യ പ്രശിക്ഷൺ വർഗിന്റെ സമാപന സമ്മേളനം വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ ഉദ്ഘാടനം ചെയ്യുന്നു. പ്രൊഫ ആശാലത, ബ്രഹ്മചാരിണി ദേവിക ചൈതന്യ, നീതു ജനാർദ്ദനൻ സമീപം

# ദുർഗാവാഹിനി പ്രവർത്തനം കാലഘട്ടത്തിന്റെ ആവശ്യം: അഡ്വ. അനിൽ വിളയിൽ

**കൊച്ചി:** മതം നോക്കി കൊല നടത്തുന്ന ഈ കാലഘട്ടത്തിൽ ദുർഗാവാഹിനി പ്രവർത്തനം വ്യാപിപ്പിക്കേണ്ടത് അനിവാര്യമെന്ന് വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ. കൊച്ചി ഇളമക്കര സരസ്വതി വിദ്യാനികേതൻ സ്കൂളിൽ നടന്നു വന്ന ദുർഗാവാഹിനി ശൗര്യ പ്രശിക്ഷൺ വർഗിന്റെ സമാപന സമ്മേളം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ കാലത്തും ഭാരതം നാരീ ശക്തിക്ക് പ്രാധാന്യവും സ്ത്രീകളുടെ വാക്കുകൾക്ക് വിലയും നൽകിയിരുന്നു. ഹൈന്ദവ ആധ്യാത്മിക ജീവിതത്തിൽ സ്ത്രീ ദേവതാ സങ്കൽപ്പത്തിന് വളരെയധികം പ്രാധാന്യവും പ്രസക്തിയും ഉണ്ടായിരുന്നു എന്നു തെളിയിക്കുന്ന ധാരാളം സന്ദർഭങ്ങൾ വേദോപനിഷത്തുകളിലും പുരാണങ്ങളിലും കാണാൻ സാധിക്കും. ഡ്രഗ് ജിഹാദും ലൗ ജിഹാദും വ്യാപകമാകുന്ന കാലഘട്ടത്തിൽ ഇതിനെതിരെ സമൂരത്തിൽ അവബോധം ഴൽത്തി പ്രതിരോധം സൃഷ്ടിക്കാൻ ദുർഗാവാഹിനികൾക്ക് കഴിയണം. വിദ്യാഭ്യാസത്തിനോപ്പം സമാജസേവനത്തിനും ധർമ്മപരിപാലനത്തിലും ഹിന്ദു യുവത ശ്രദ്ധിച്ചില്ല എങ്കിൽ ഭാവിയിൽ വളരെ വലിയ അപകടം നേരിടേണ്ടി വരും. ഒരു കാലത്തും ഭാരതത്തിലെ സ്ത്രീകൾ സ്വാതന്ത്ര്യം ഇല്ലായ്മ അനുഭവിച്ചിട്ടില്ലെന്നും എന്നാൽ മനുസ്മൃതിയിലെ ചില ശ്ലോകങ്ങളെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് സമൂഹത്തിൽ തെറ്റിദ്ധാരണ പരത്താൻ ചില ബുദ്ധിജീവികൾ നടത്തുന്ന ശ്രമങ്ങളെയും തിരിച്ചറിയേണ്ടതുണ്ട്. ഒപ്പം യുവതികൾക്കും പെൺകുട്ടികൾക്കും ആവശ്യമായ പ്രതിരോധ സംവിധാനം വികസിപ്പിക്കാനും ദുർഗ്ഗാവാഹിനികൾക്ക് സാധിക്കണം. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ വ്യാപകമാക്കണെന്നും അഡ്വ. അനിൽ വിളയിൽ അഭിപ്രായപ്പെട്ടു. ശിബിരാധികാരി പ്രൊഫ ആശാലതയുടെ അദ്ധ്യക്ഷത വഹഗിച്ചു. യോഗത്തിൽ ബ്രഹ്മചാരിണി ദേവിക ചൈതന്യ അനുഗ്രഹ പ്രഭാഷണം നടത്തി. പ്രശിക്ഷണം പൂർത്തിയാക്കിയ 200 പെൺകുട്ടികൾ സമ്മേളനത്തിൽ വിവിധ അഭ്യാസ പ്രദർശനങ്ങൾ അവതരിപ്പിച്ചു. ദുർഗാവാഹിനി സംസ്ഥാന സംയോജിക നീതു ജനാർദ്ദനൻ, അബിനു സുരേഷ്, എം. കെ ദിവാകരൻ, വി.ശ്രീകുമാർ, സജീവൻ, ജയേഷ് തുടങ്ങിയവർ പങ്കെടുത്തു.




രാജ്യത്തെ ഇടുപ്പെല്ല് ചികിത്സാ വിദഗ്ധരുടെ സമ്മേളനം 'ഹിപ് 300' മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ഡയറക്ടർ ഡോ. പി.വി. ലൂയിസ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. ബിപിൻ തെരുവിൽ, ഡോ. പ്രസാദ് അന്ത പുർ, ഡോ. വി.എം. ഖലീൽ, ഡോ. ജോൺ ടി. ജോൺ, ഡോ. ജെ. ജേക്ക ബ് തുടങ്ങിയവർ സമീപം.

# ഇടുപ്പെല്ല് ചികിത്സാ വിദഗ്ധരുടെ സമ്മേളനം നടത്തി

**കൊച്ചി:** രാജ്യത്തെ ഇടുപ്പെല്ല് ചികിത്സാ വിദഗ്ധരുടെ സമ്മേളനം 'ഹിപ് 360' മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ഡയറ ക്ടർ ഡോ. പി.വി. ലൂയിസ് ഉദ്ഘാടനം ചെയ്തു. മെഡിക്കൽ ട്രസ്റ്റിലെ ആർത്രോപ്ലാസി വിഭാഗം മേധാവി ഡോ. ബിപിൻ തെരുവിൽ നേതൃത്വം നൽ കിയ സമ്മേളനത്തിൽ 150 ഓർത്തോപീഡിക് വിദഗ്ധർ പങ്കെടുത്തു.

ഡോ. ലീ റൂബിൻ (യേൽ സർവകലാശാല, യുഎസ്), ഡോ. പ്രസാദ് അന്തപൂർ (ലിങ്കൺ ഹോസ്പിറ്റൽ, യുകെ), പ്രഫ. റോബ് മിഡിൽടൻ (ബോൺമൗത്ത് സർവകലാശാല, യുകെ) തുടങ്ങിയവർ പ്രഭാഷണം നടത്തി. ഇടുപ്പെല്ല് മാറ്റിവയ്ക്കലിന്റെ സുരക്ഷയും കാലാവധിയും വർധിപ്പിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യകളെ കുറിച്ച് വിദഗ്ധർ അറിവുകൾ പങ്കുവച്ചു.

നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള ഇടുപ്പെല്ല് മാറ്റി വയ്ക്കൽ ശസ്ത്രക്രിയയുടെ പ്രയോജനം 30 വർഷത്തിലേറെ നീണ്ടുനിൽക്കുമെന്നു സ്പെഷ്യലിസ്റ്റുകൾ അഭിപ്രായപ്പെട്ടു.



# കുട്ടികളിലെ ശ്വാസകോശ രോഗങ്ങൾക്ക് ഹോമിയോപ്പതി ചികിത്സ ഫലപ്രദം: ഐ.എച്ച്.എം.എ



ഡോ. പരിമൾ ചാറ്റർജി, ഡോ. അഷ്റഫ് സൊഹൈൽ, ഡോ. ശ്രീജിത്ത്

**പാലക്കാട്:** തുടർച്ചയായി കുട്ടികളിലുണ്ടാകുന്ന ശ്വാസകോശ രോഗങ്ങൾക്ക് ഹോമിയോപ്പതി ചികിത്സ ഫലപ്രദമെന്ന് ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷൻ പീഡിയാട്രിക് ദേശീയ സെമിനാർ വിലയിരുത്തി. ശിശുരോഗ ഹോമിയോ ആശുപത്രികൾ എല്ലാ ജില്ലകളിലും സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ മുൻകൈ എടുക്കണമെന്ന് ഐ.എച്ച്.എം.എ ആവശ്യപ്പെട്ടു. ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷൻ 20മത് സംസ്ഥാന സമ്മേളനം പാലക്കാട് ജോബീസ് മാളിൽ മന്ത്രി കെ. കൃഷ്ണൻ കുട്ടി ഉദ്ഘാടനം ചെയ്തു. ഐ.എച്ച്.എം.എയുടെ പ്രൊജക്ട് സ്പർശം 2025 വയോജനങ്ങളുടെ ആരോഗ്യം ഹോമിയോപ്പതിയിലൂടെ ഉദ്ഘാടനം പാലക്കാട് നഗരസഭ ചെയർപേഴ്സൺ പ്രമീളാ ശശിധരൻ നിർവ്വഹിച്ചു. ദേശീയ പ്രസിഡൻ ഡോ.കെ.എം. ഉവൈസ് മുഖ്യാതിഥിയായിരുന്നു. സംസ്ഥാന പ്രസിഡന്റ് ഡോ. മുഹമ്മദ് ഷമീമിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. പരിമൾ ചാറ്റർജി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. പാലക്കാട് ഡി. എം. ഒ (ഹോമിയോ ) ഡോ. ജ്യോതി, ഡോ. അഭിലാഷ് റസാഖ് എന്നിവർ സംസാരിച്ചു. കോൺഫറൻസ് ചെയർ പെഴ്സൺ ഡോ. ധന്യ ശശിധരൻ സ്വാഗതവും കോൺഫറൻസ് കൺവീനർ ഡോ. പ്രശാന്ത്.കെ.അയ്യപ്പൻ നന്ദിയും രേഖപ്പെടുത്തി. ഐ.എച്ച്.എം.എ മാധ്യമ പുരസ്കാരവും മികച്ച ഡോക്ടർമാർക്കുള്ള അവാർഡ് എന്നിവ യോഗത്തിൽ സമ്മാനിച്ചു.

2025-26 വർഷത്തെ ഐ.എച്ച്.എം.എ ഭാരവാഹികൾ ഡോ. പരിമൾ ചാറ്റർജി (കൊല്ലം) സംസ്ഥാന പ്രസിഡന്റ്, ഡോ. ലത. ഡി (കോഴിക്കോട്), ഡോ.റാഷിദ് (കണ്ണൂർ) വൈസ് പ്രസിഡന്റുമാർ, ഡോ. അഷ്റഫ് സൊഹൈൽ (മലപ്പുറം) സംസ്ഥാന ജനറൽ സെക്രട്ടറി, ഡോ. റംഷീദ് നെച്ചോലി (കോഴിക്കോട്), ഡോ. അരവിന്ദ് രാജൻ (തൃശൂർ) സെക്രട്ടറിമാർ, ഡോ. ശ്രീജിത്ത് (എറണാകുളം) സംസ്ഥാന ട്രഷറർ

# ലോക വെറ്ററിനറി ദിനം ഇ സമൃദ്ധ പദ്ധതി തുടങ്ങും

**കൊല്ലം:** മൃഗസംരക്ഷണവകുപ്പും ഇന്ത്യൻ വെറ്ററിനറി അസോസിയേഷനും സംയുക്തമായി ആചരിക്കുന്ന ലോക വെറ്ററിനറി ദിനാഘോഷങ്ങൾ മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ ഉദ്ഘാടനം ചെയ്തു. ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പാൽ ഉദ്പാദനത്തിലെ രണ്ടാംസ്ഥാനത്തിനുള്ള പശ്ചാത്തലവും ഇതുതന്നെയാണ്. സബ്സിഡി നൽകിയും ഉദ്പാദനക്ഷമതാ വർധനയ്ക്കുള്ള പിന്തുണാപദ്ധതികൾ നടപ്പിലാക്കിയുമാണ് മേഖലയെ ലാഭകരമാക്കിമാറ്റുന്നത്.

സൈബർ സംവിധാനംവഴി മൃഗചികിത്സ ഏകോപിപ്പിക്കുന്ന ഇസമൃദ്ധ പദ്ധതിയിലൂടെ കേരളത്തിലെ എല്ലാ മൃഗാശുപത്രികളും ആധുനികവൽക്കരിക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി കർഷകന് മൃഗാശുപത്രിയിൽ എത്താതെ തന്നെ ഒ.പി ടിക്കറ്റ് എടുക്കാംമന്ത്രി പറഞ്ഞു.

ഐ.വി.എ ജനറൽ സെക്രട്ടറി ഡോ.വി.കെ.പി മോഹനൻ കുമാർ, പ്രസിഡന്റ് ഡോ.എം.കെ പ്രദീപ്കുമാർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ എം.സി രെജിൽ, വെറ്ററിനറി കൗൺസിൽ പ്രസിഡന്റ് ഡോ. കെ.ആർ ബിനു പ്രസാദ്, പഞ്ചായത്ത് പ്രസിഡന്റുമാർ, റവന്യൂ, വനം, മൃഗസംരക്ഷണ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.




# നാഷണൽ കിക്ക് ബോക്സിങ് ചാമ്പ്യൻഷിപ്പിൽ ഡോ. അനുവിന് 2 സ്വർണ മെഡലുകൾ

**തിരുവനന്തപുരം:** ജയ്പൂരിൽ നടന്ന നാഷണൽ കിക്ക് ബോക്സിങ് ചാമ്പ്യൻഷിപ്പിൽ ഡോ. അനുവിന് രണ്ട് സ്വർണ മെഡലുകൾ. 60/70 കിലോഗ്രാം കാറ്റഗറിയിൽ പോയിന്റ് ഫൈറ്റ് വിഭാഗത്തിലും റിംഗ് വിഭാഗത്തിലുമാണ് സ്വർണ മെഡലുകൾ നേടിയത്. കോട്ടയം കൂടല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അസി. സർജനാണ് ഡോ. അനു. കേരളത്തിന് അഭിമാനകരമായ പോരാട്ടം നടത്തി 2 സ്വർണ മെഡലുകൾ നേടിയ ഡോ. അനുവിനെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

രണ്ടു കുഞ്ഞുങ്ങളുടെ അമ്മയെന്ന ഉത്തരവാദിത്വം, ഔദ്യോഗിക ജീവിതത്തിലെ തിരക്കുകൾ എന്നിവയ്ക്കിടയിൽ കിക്ക് ബോക്സിങ്ങിനോടുള്ള അഭിനിവേശത്തെ ചേർത്ത് പിടിച്ച ഡോക്ടറാണ് അനു. സമ്മർദം ഒഴിവാക്കാനും സ്വയം പ്രതിരോധത്തിനും വേണ്ടി ഒരു വ്യായാമം എന്ന നിലയിലാണ് കോട്ടയത്ത് ഡോ. അനു ബോക്സിംഗ് പരിശീലനത്തിന് പോയത്. ഡോ. വന്ദനയുടെ വിയോഗമാണ് സ്വയം പ്രതിരോധത്തിലേക്ക് തിരിയാൻ പ്രേരിപ്പിച്ചത്. 3 വർഷം കൊണ്ട് ഒരു പ്രൊഫഷണൽ ബോക്സിംഗ് താരത്തെ പോലെയായി. ഇതോടെയാണ് ദേശീയതല കിക്ക് ബോക്സിംഗ് മത്സരത്തിൽ പങ്കെടുക്കാനുള്ള അവസരം ലഭിച്ചത്.ഡോ. അനുവിന് 35 വയസ് പ്രായമുണ്ട്. അതേസമയം ബോക്സിംഗ് മത്സരത്തിൽ പങ്കെടുത്തവരെല്ലാം 25ൽ താഴെ പ്രായമുള്ളവരായിരുന്നു. 'വെറുതേ ഇടിമേടിച്ച് പഞ്ചറാകാനാണോ വന്നതെന്ന്' പലരും അടക്കം പറഞ്ഞ് ചിരിച്ചു. ഫെഡറൽ ബാങ്ക് മാനേജർ കൂടിയായ ഭർത്താവ് ജിഷ്ണു ആത്മവിശ്വാസം നൽകി. പിടിച്ച് നിൽക്കാൻ പറ്റാത്ത സാഹചര്യമുണ്ടായാൽ കുഴപ്പമില്ല, ടൈം ഔട്ട് വിളിച്ച് മതിയാക്കാൻ ഉപദേശിച്ചു. അതേസമയം മത്സരത്തിനായി ബോക്സിംഗ് കളത്തിലേക്ക് ഇറങ്ങിയതോടെ കളിയാക്കിയവർ വിയർത്തു. ഡോ. അനുവിന്റെ കിക്കുകൾ തടുക്കാനാകാതെ അവരെല്ലാം തോറ്റു. ഡോ. അനുവിന് 2 വിഭാഗങ്ങളിൽ സ്വർണമെഡൽ.ഗുരുവും കേരള കിക്ക് ബോക്സിംഗ് അസോസിയേഷൻ പ്രസിഡന്റുമായ സന്തോഷ് കുമാറിന്റെ പരിശീലനം തന്റെ വിജയത്തിൽ ഏറെ പങ്കുവഹിച്ചതായി ഡോ. അനു പറഞ്ഞു. മുമ്പ് രണ്ട് സിസേറിയനുകൾ അടുപ്പിച്ച് കഴിഞ്ഞതിനാൽ ശാരീരികമായി ഏറെ ബുദ്ധിമുട്ടുകളുണ്ടായിരുന്നു. മനസിലെ ആഗ്രഹവും നല്ല പരിശീലനവുമുണ്ടെങ്കിൽ എവിടേയും വിജയിക്കാനാകും. പ്രായം തടസമല്ലെങ്കിൽ കൂടുതൽ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കാനാണ് താത്പര്യമെന്നും ഡോ. അനു പറഞ്ഞു.തിരുവനന്തപുരം കാരക്കോണം മെഡിക്കൽ കോളേജിൽ നിന്നും എംബിബിഎസും പരിയാരം മെഡിക്കൽ കോളേജിൽ നിന്നും പിജിയും നേടിയ ശേഷമാണ് ആരോഗ്യ വകുപ്പിൽ ജോലി കിട്ടുന്നത്. കെജിഎംഒഎ കോട്ടയം ജോയിന്റ് സെക്രട്ടറി കൂടിയാണ് ഡോ അനു. രണ്ട് മക്കൾ ആദിശേഷൻ, ബാനി ദ്രൗപദി.

# സഹകരണ സംഘങ്ങൾ സാമ്പത്തിക സേവനങ്ങൾക്കപ്പുറം സാമൂഹ്യ പുരോഗതിക്ക് പ്രതിജ്ഞാബദ്ധമാണ്: മന്ത്രി വി ശിവൻകുട്ടി

**തിരുവനന്തപുരം:** സാമ്പത്തിക സേവനങ്ങൾക്കപ്പുറം സഹകരണ സംഘങ്ങൾ സാമൂഹ്യ പുരോഗതിക്ക് ആഴത്തിൽ പ്രതിജ്ഞാബദ്ധമാണെന്ന് പൊതുവിദ്യാഭ്യാസതൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കനകക്കുന്നിൽ നടക്കുന്ന എക്സ്പോ 2025 ന്റെ ഭാഗമായി കോഓപ്പറേറ്റീവ്സ് െ കോർപ്പറേറ്റസ് എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.ആഗോളവൽക്കരണവും കോർപറേറ്റ് ആധിപത്യവും ലോകമെമ്പാടുമുള്ള സാമ്പത്തിക ഭൂപ്രകൃതിയെ പുനർനിർമ്മിച്ചിട്ടുണ്ട്. തങ്ങളുടെ ഓഹരി ഉടമകൾക്ക് പരമാവധി ലാഭം നേടുക എന്ന പ്രാധമിക ലക്ഷ്യത്താൽ നയിക്കപ്പെടുന്ന കോർപ്പറേറ്റുകൾ സാങ്കേതികവിദ്യയുടേയും സാമ്പത്തിക വികാസത്തിന്റെയും പുരോഗതിക്ക് നിസംശയമായും സംഭാവന നൽകിയിട്ടുണ്ട്. എന്നാൽ നാം ആലോചിക്കേണ്ടത് സാധാരണ ജനങ്ങൾ ഇതിന് കൊടുക്കുന്ന വില എന്താണ് എന്നുള്ളതാണ്. ഇതിനു വിപരീതമായി ലാഭമുണ്ടാക്കുന്നതിന്റെ ആവശ്യകതയിൽ നിന്നല്ല മറിച്ച് സാമ്പത്തിക ശക്തി ജനാധിപത്യവൽക്കരിക്കാനും സാമൂഹ്യ വികസനം വളർത്തുവാനും നമ്മുടെ സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളെ സംരക്ഷിക്കുന്നതിനുമുള്ള സ്വപ്നത്തിൽ നിന്നും ജനിച്ച പ്രസ്ഥാനമാണ് കേരള സഹകരണ പ്രസ്ഥാനം. സഹകരണ സ്ഥാപനങ്ങൾ വെറും ധനകാര്യ സ്ഥാപനങ്ങളോ വ്യാപാര സ്ഥാപനങ്ങളോ അല്ല. അവ സമൂഹത്തിലെ നീതി, സാമ്പത്തിക ജനാധിപത്യം, സാമൂഹ്യ വികസനം എന്നിവയുടെ ഊർജസ്വലമായ മുൻനിരപ്പോരാളികളാണെന്ന് മന്ത്രി പറഞ്ഞു.വയനാട് ചൂരൽമല ദുരന്തം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളിൽ ജനങ്ങൾക്കൊപ്പം ഉറച്ചു നിന്നത് സഹകരണ സ്ഥാപനങ്ങളാണ്. ചൂരൽമല ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ടവരുടെ വായ്പകൾ കേരള ബാങ്ക് പൂർണ്ണമായും എഴുതിത്തള്ളി. ലാഭത്തിനു മുകളിൽ മനുഷ്യ ക്ഷേമത്തെ പ്രതിഷ്ഠിക്കുക എന്നതാണ് സഹകരണ മനോഭാവത്തിന്റെ ഉൾകാഴ്ച.കേരളത്തിന്റെ സഹകരണ വായ്പ്പാ മേഖലയുടെ മറ്റൊരു മാതൃകാപരമായ സവിശേഷത റിസ്ക് ഫണ്ടിന്റെ രൂപീകരണമാണ് . നമ്മുടെ സംസ്ഥാനത്തു മാത്രമുള്ള ഒരു സംവിധാനമാണിത്. ഈ പദ്ധതി പ്രകാരം കടം വാങ്ങുന്നയാൾ വായ്പ തിരിച്ചടയ്ക്കുന്നതിനു മുൻപ് മരണപ്പെട്ടാൽ റിസ്ക് ഫണ്ട് ഇടപെടും. ശേഷിക്കുന്ന വായ്പ്പാ തുകയ്ക്ക് തുല്യമായ തുക അല്ലെങ്കിൽ മൂന്നു ലക്ഷം രൂപ വരെ, ഇതിൽ ഏതാണോ കുറവ് അത് ഫണ്ടിൽ നിന്ന്, കടം വാങ്ങുന്ന ആളുടെ അക്കൗണ്ടിലേക്കു മാറ്റപ്പെട്ടുകയാണ്. മരണപ്പെട്ട ആളുടെ അവകാശികൾ ദു:ഖ സമയത്ത് കടബാധ്യതയിൽ പെടാതിരിക്കാൻ ഇത് വലിയ സഹായമാകുന്നു. ധനകാര്യത്തിൽ ഉൾച്ചേർത്തിരിക്കുന്ന കാരുണ്യത്തിനു ഇതിലും നല്ലൊരു ഉദാഹരണമില്ല എന്നും മന്ത്രി പറഞ്ഞു.

സഹകരണ സ്ഥാപനങ്ങൾ ജനാധിപത്യ നിയന്ത്രണ സംവിധാനത്തിലാണ് നിർമ്മിച്ചിരിക്കുന്നത്. സഹകരണ സ്ഥാപനങ്ങളിൽ ഓരോ അംഗത്തിനും തുല്യ വോട്ടവകാശം ലഭിക്കുന്നു. ഒരംഗം ഒരു വോട്ട്' എന്ന നിലയിൽ നിങ്ങൾ എത്ര ധനികനായാലും ദരിദ്രനായാലും നിങ്ങളുടെ ശബ്ദത്തിനു തുല്യ പ്രാധാന്യമുണ്ട്. ഈ ജനാധിപത്യ ചട്ടക്കൂട് അംഗങ്ങൾക്കിടയിൽ ശക്തമായ ഉടമസ്ഥാവകാശം, ഉത്തരവാദിത്വം, ഐക്യദാർഢ്യം എന്നിവ വളർത്തിയെടുക്കുന്നു. സമ്പത്ത് സൃഷ്ടിക്കലും സാമൂഹ്യ ക്ഷേമവും പരസ്പ്പരം കൈകോർക്കുന്ന ജനങ്ങളുടെ ഒരു യഥാർത്ഥ സമ്പദ്വ്യവസ്ഥ നമ്മുക്കു സൃഷ്ടിക്കാൻ കഴിയുന്നത് ഇത്തരം മാതൃകകളിലൂടെയാണ്.

# ഹയർസെക്കന്ററി അധ്യാപക സ്ഥലംമാറ്റത്തിന് മെയ് 3 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** സർക്കാർ ഹയർ സെക്കന്ററി അധ്യാപകരുടെ സ്ഥലംമാറ്റത്തിന് www.dhsteransfer.kerala.gov.in പോർട്ടൽ വഴി ഓൺലൈനായി മെയ് 3 വരെ അപേക്ഷിക്കാം. നേരത്തെ അധ്യാപകരുടെ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യാനും, അത് പ്രിൻസിപ്പൽമാർക്ക് തിരുത്താനും, കൃത്യമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും കൈറ്റിന്റെ നേതൃത്വത്തിൽ സംവിധാനം ഒരുക്കിയിരുന്നു.

ഈ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ട്രാൻസ്ഫർ നടത്തുക എന്നതിനാൽ തെറ്റായ വിവരങ്ങൾ നൽകുന്നത് നടപടികൾക്ക് വിധേയമാക്കും എന്നും ഇത്തരം അധ്യാപകരെ സ്ഥലംമാറ്റും എന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം തെറ്റുകൾ തിങ്കൾ, ചൊവ്വ (ഏപ്രിൽ 28, 29) ദിവസങ്ങളിൽ ബന്ധപ്പെട്ട രേഖകളോടെ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നേരിട്ട് വന്ന് തിരുത്താൻ അവസരം നൽകിയിട്ടുണ്ട്.

പരിരക്ഷിത വിഭാഗം, മുൻഗണനാ വിഭാഗം എന്നിവയ്ക്കായി സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത ഈ വർഷം വിജിലൻസ് പരിശോധനയ്ക്കും വിധേയമാക്കും.

ഏകദേശം 7,817 ഒഴിവുകളാണ് ട്രാസ്ഫറിനായി നിലവിലുള്ളത്. ഇതിൽ ഏറ്റവും കൂടുതൽ ഒഴിവുകൾ മലപ്പുറം ജില്ലയിൽ (1,124) ആണ്. കണ്ണൂർ (944), കോഴിക്കോട് (747) ജില്ലകളാണ് തൊട്ടടുത്ത്. ഏറ്റവും കുറവ് ഒഴിവുകൾ പത്തനംതിട്ട (134), ഇടുക്കി (184), കോട്ടയം (232) ജില്ലകളിലാണ്.

വിഷയങ്ങളിൽ ഏറ്റവും കൂടുതൽ ഒഴിവുകൾ ഇംഗ്ലീഷ് (859) അധ്യാപകരുടേതാണ്. ഇക്കണോമിക്സും (527), മാത്തമാറ്റിക്സും (482) ആണ് തൊട്ടടുത്ത്. അതേ സമയം ജർമൻ, മ്യൂസിക്, ജിയോളജി വിഷയങ്ങളിൽ ഒരു ഒഴിവ് വീതമേ സംസ്ഥാനാടിസ്ഥാനത്തിലുള്ളു.

ഒഴിവുകളുടെ എണ്ണത്തിൽ മാറ്റം വരാം. സംസ്ഥാന ജില്ലാ തലത്തിൽ വിഷയങ്ങൾ തിരിച്ചുള്ള തത്സമയ ഒഴിവുകൾ പോർട്ടലിൽ ലഭ്യമാണ്.

# മംഗളാദേവി ചിത്രാ പൗർണമി ഉത്സവം: വാഹനങ്ങൾക്ക് ഫിറ്റ്നസ് ഉറപ്പാക്കണം

**ഇടുക്കി:** ഈ വർഷത്തെ മംഗളാദേവി ചിത്രാ പൗർണമി ഉത്സവത്തോടനുബന്ധിച്ച് ഭക്തർക്ക് യാത്രചെയ്യാനുള്ള വാഹനങ്ങൾക്ക് ഫിറ്റ്നസ്ഉറപ്പാക്കാനുള്ള നടപടികൾ മോട്ടോർവാഹനവകുപ്പ് സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ വി വിഗ്നേശ്വരി പറഞ്ഞു. ഉത്സവഒരുക്കങ്ങളോടനുബന്ധിച്ച് കളക്ടറുടെ ചേമ്പറിൽ വിളിച്ചു ചേർത്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. മെയ് 12 നാണ് ഇത്തവണത്തെ മംഗളാദേവി ചിത്രാപൗർണമി ഉത്സവം നടക്കുക. പെരിയാർ കടുവ സങ്കേതത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിൽ ഉത്സവത്തിന് എത്തുന്ന ഭക്തർക്കായി വിവിധ വകുപ്പുകൾ ഏർപ്പെടുത്തുന്ന സജ്ജീകരണങ്ങൾ യോഗം ചർച്ച ചെയ്തു. ട്രാക്ടറുകളിൽ 18 വയസിൽ താഴെയുള്ള കുട്ടികളെ അനുവദിക്കില്ല. വൈകിട്ടു 5 ന് ശേഷം ക്ഷേത്ര പരിസരത്ത് ആരെയും തുടരാൻ അനുവദിക്കില്ല. അതിനു മുൻപ് പൂജാരി ഉൾപ്പെടെ എല്ലാവരും തിരികെ മലയിറങ്ങണം. ആർ ടി ഓ നിഷ്കർശിക്കുന്ന തുക ആയിരിക്കും ട്രിപ്പ് വാഹങ്ങൾക്ക് ഭക്തരിൽ നിന്നും ഈടാക്കാൻ അനുവാദം ഉണ്ടായിരിക്കുക. ഡിസ്പോസബിൾ പാത്രങ്ങളിൽ കുടിവെള്ളമോ മറ്റു ഭക്ഷണങ്ങളോ ക്ഷേത്ര പരിസരത്തേക്ക് കൊണ്ടുപോകാൻ അനുവദിക്കില്ല. മല കയറുന്ന ജീപ്പ് പോലെയുള്ള നാലു ചക്രവാഹനങ്ങൾ മാത്രമേ അനുവദിക്കൂ. ഇരു ചക്ര വാഹനങ്ങൾ അനുവദിക്കില്ല. മദ്യം, സസ്യേതര ഭക്ഷണം എന്നിവയും അനുവദിക്കില്ല.

ക്ഷേത്രത്തിലേക്കു പോകാനുള്ള വാഹനങ്ങൾക്ക് ആർ.ടി.ഒപാസ് നൽകും. കുമളി ചെക്ക് പോസ്റ്റിനു സമീപം മെയ് 7, 8, 9, ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെ ഇരു സംസ്ഥാനങ്ങളുടെയും ആർടിഓ മാരുടെ നേതൃത്വത്തിൽ ഫിറ്റ്നസ് പരിശോധിച്ച് പാസ് അനുവദിക്കും. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സ്റ്റിക്കർ വാങ്ങി വാഹനത്തിൽ പതിപ്പിക്കണം. ഉത്സവദിവസം വാഹനങ്ങളിൽ ഓവർലോഡിംഗ് അനുവദിക്കില്ല. അപകടരഹിതമായ സുരക്ഷിതമായ യാത്ര ഉറപ്പ് വരുത്താൻ ബന്ധപ്പെട്ട അധികൃതർക്ക് നിർദേശം നൽകി. ഉത്സവ ദിവസത്തിന്റെ തലേ ദിവസം ഉച്ചയ്ക്ക് ശേഷം മൂന്ന് മുതൽ മോട്ടോർ വാഹന വകുപ്പിന്റെ കർശന നിരീക്ഷണം ഏർപ്പെടുത്തും.

കുമളി ബസ് സ്റ്റാൻഡ്, അമലാംമ്പിക സ്കൂൾ, കൊക്കരകണ്ടം എന്നിവിടങ്ങളിൽ ചെക്ക് പോസ്റ്റ് ഏർപ്പെടുത്തി വാഹനങ്ങൾ പരിശോധിക്കും. ഒന്നാം ഗേറ്റിലും ക്ഷേത്രപരിസരത്തും കൺട്രോൾ റൂം സ്ഥാപിക്കും. പരിസ്ഥിതി സൗഹൃദമല്ലാത്ത അലങ്കാര വസ്തുകൾ ഉപയോഗിക്കാൻ പാടില്ല. പടക്കങ്ങളും പൊട്ടിത്തെറിക്കുന്ന ഉൽപ്പന്നങ്ങളും പാടുള്ളതല്ല. സുരക്ഷയുടെ ഭാഗമായി റിക്കവറി വാഹനം, അസ്ക ലൈറ്റ്, എന്നീ സൗകര്യങ്ങളോടെ കൊക്കരകണ്ടത്ത് ദുരന്ത ലഘൂകരണ യൂണിറ്റ് പ്രവർത്തിക്കും. പ്രഥമശുശ്രൂഷ നൽകാൻ മെഡിക്കൽ സംഘത്തിന്റെ സേവനവും ഒരു ഐസിയു ആംബുലൻസ് ഉൾപ്പാടെ 10 ആംബുലൻസ് സൗകര്യവും മലമുകളിൽ ഏർപ്പെടുത്തും. വിഷ ചികിത്സയ്ക്കുള്ള സൗകര്യവും ഏർപ്പെടുത്തും.

മാധ്യമപ്രവർത്തകർക്കും രാവിലെ ആറുമണി മുതലായിരിക്കും പ്രവേശനം അനുവദിക്കുക. മാധ്യമപ്രവർത്തകർക്കുള്ള പാസ് ഇരു സംസ്ഥാനങ്ങളിലേയും ഇൻഫർമേഷൻ ഓഫിസർമാർ വിതരണം ചെയ്യും. സാധുവായ പാസ് കൈവശമില്ലാത്തവരെ കടത്തിവിടില്ല. ഡ്രോൺ ഉപയോഗിക്കാൻ അനുവദിക്കില്ല. ഇരു സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഉദ്യോഗസ്ഥർ നിർബന്ധമായും ഐഡി കാർഡ് ധരിച്ചിരിക്കണം.

# ജിയോ പ്ലാറ്റ്ഫോംസിന് 7,202 കോടി രൂപ അറ്റാദായം

**കൊച്ചി/മുംബൈ:** റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഡിജിറ്റൽ വിഭാഗമായ ജിയോ പ്ലാറ്റ്ഫോംസ് മാർച്ച് പാദത്തിലെ അറ്റാദായത്തിൽ നേടിയത് 25.7 ശതമാനം വർധനവ്. കമ്പനി പുറത്തുവിട്ട 2024-25 സാമ്പത്തിക വർഷത്തിലെ അവസാന പാദ ഫലങ്ങളിലാണ് ഇത് വ്യക്തമാക്കുന്നത്. 7022 കോടി രൂപയാണ് ജിയോ പ്ലാറ്റ്ഫോംസിന്റെ നികുതിക്ക് ശേഷമുള്ള ലാഭം. പ്രതിഉപഭോക്താവിന് മേലുള്ള ശരാശരി വരുമാനത്തിൽ മികച്ച വളർച്ച നേടാൻ ജിയോ പ്ലാറ്റ്ഫോംസിനായി.മുൻസാമ്പത്തിക വർഷം ഇതേ കാലയളവിൽ 5587 കോടി രൂപയുടെ ലാഭമാണ് ജിയോ പ്ലാറ്റ്ഫോംസ് രേഖപ്പെടുത്തിയത്. മാർച്ച് പാദത്തിൽ പ്രതിഉപയോക്താവിന് മേലുള്ള ശരാശരി വരുമാനം (എആർപിയു) 13.5 ശതമാനം വർധിച്ച് 206.2 രൂപയിലെത്തി. 2024 മാർച്ച് പാദത്തിൽ ഇത് 181.7 രൂപയായിരുന്നു. പ്രവർത്തനങ്ങളിൽ നിന്നുള്ള ജിയോ പ്ലാറ്റ്ഫോംസിന്റെ വരുമാനം 17.7 ശതമാനം വർധിച്ച് 33,986 കോടി രൂപയായി ഉയർന്നു. ഇതിൽ ടെലികോം സേവനവിഭാഗമായ റിലയൻസ് ജിയോയിൽ നിന്നുള്ള വരുമാനവും ഉൾപ്പെടും. 2024 മാർച്ച് പാദത്തിൽ 28,871 കോടി രൂപയായിരുന്നു പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം.2025 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിലെ നികുതിക്ക് ശേഷമുള്ള ലാഭത്തിൽ 22 ശതമാനം വർധനയാണുണ്ടായിരിക്കുന്നത്. 26,120 കോടി രൂപയാണ് ലാഭം. മുൻവർഷം ഇത് 21,434 കോടി രൂപയായിരുന്നു. 2025 സാമ്പത്തിക വർഷത്തിൽ ജിയോ പ്ലാറ്റ്ഫോംസിന്റെ പ്രവർത്തന വരുമാനം 17 ശതമാനം വർധനയോടെ 128218 കോടി രൂപയിലെത്തി. 2024 സാമ്പത്തിക വർഷത്തിൽ ഇത് 1,09,558 കോടി രൂപയായിരുന്നു.

# കേരള ടാക്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷൻ : ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി :** കേരള ടാക്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷൻ പുതിയ ജില്ലാ ഭാരവാഹികളായി ആര്യറെജി (പ്രസിഡന്റ്) സി എ സുധീർ കുമാർ (സെക്രട്ടറി) ജി മനു (വൈസ് പ്രസിഡന്റ്)പി കെ സുരേഷ് കുമാർ (ജോയിന്റ് സെക്രട്ടറി ) ബി. ശരത് ചന്ദ്ര (ട്രഷറർ)എക്സിക്യൂട്ടീവ് അംഗമായി വി പി സാബു സംസ്ഥാന കൗൺസിൽ അംഗങ്ങളായിഅഡ്വ രാമകൃഷ്ണൻ പോറ്റി, പി ഉദയശങ്കർ എന്നിവരെ തിരഞ്ഞെടുത്തു. ജില്ലാപൊതുയോഗം കേരള സൗത്ത് സോൺ സെക്രട്ടറി കെ.പി ഹരീഷ് ഉദ്ഘാടനം ചെയ്തു . ജില്ലാ പ്രസിഡന്റ് അഡ്വ. വി പി സാബു അധ്യക്ഷത വഹിച്ചു. ടാക്സ് അഡ്വൈസർ സംസ്ഥാന എക്സിക്യൂട്ടീവ് എഡിറ്റർ പി വിജയലക്ഷ്മി, സംസ്ഥാന എക്സിക്യൂട്ടീവ് കൗൺസിലർ അഡ്വ രാമകൃഷ്ണൻ പോറ്റി തുടങ്ങിയവർ സംസാരിച്ചു.എം ഉമ്മർ ശരീഫ് വരണാധികാരിയായിരുന്നു.

# മുത്തൂറ്റ് ഫിനാൻസ് ഷെയറൊന്നിന് 26 രൂപ ഇടക്കാല ലാഭവിഹിതം

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസിൻറെ ഡയറക്ടർ ബോർഡ് ഓഹരി ഉടമകൾക്ക് 2024-25 സാമ്പത്തിക വർഷത്തേക്ക് ഷെയറൊന്നിന് 26 രൂപ ഇടക്കാല ലാഭവിഹിതം നൽകാൻ അനുമതി നൽകി. അംഗങ്ങളുടെ രജിസ്റ്ററിൽ 2025 ഏപ്രിൽ 25ന് പേരുള്ള ഓഹരിയുടമകൾക്കാണ് ഇടക്കാല ലാഭവിഹിതം നൽകുക. പ്രഖ്യാപനം നടത്തി 30 ദിവസത്തിനകം സെബിയുടെ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് ഈ ഇടക്കാല ലാഭവിഹിതം നൽകും. ഐപിഒ നടത്തുകയും ഓഹരികളുടെ ലിസ്റ്റിങ് നടത്തുകയും ചെയ്ത 2011 മുതൽ കമ്പനി എല്ലാ വർഷവും ലാഭവിഹിതം നൽകുന്നുണ്ട്. ഇതുവരെ പത്തു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് ആകെ 181.50 രൂപ ലാഭവിഹിതമാണ് നൽകിയിട്ടുള്ളത്. കമ്പനിയുടെ ശക്തമായ പ്രകടനവും എല്ലാ ഓഹരി ഉടമകൾക്കും ദീർഘകാലം മൂല്യം നൽകാനുള്ള അചഞ്ചലമായ പ്രതിബദ്ധതയുമാണ് ഇടക്കാല ലാഭവിഹിത പ്രഖ്യാപനത്തിലൂടെ പ്രതിഫലിക്കുന്നതെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

# ലഹരിക്കെതിരെ ക്രിക്കറ്റ് ടൂർണമെന്റ്

കൊച്ചി: ലഹരിക്കെതിരെ സന്ദേശമുയർത്തിക്കൊണ്ട് എറണാകുളം വി പി എസ് ലേക്ഷോർ ആശുപത്രി മെയ് 9, 10, 11 തീയതികളിൽ മരട് കുഫോസ് ഗ്രൗണ്ടിൽ സോഫ്റ്റ് ബോൾ ഫ്ളഡ്ലൈറ്റ് ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിക്കുന്നു. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും മറ്റു സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ടൂർണമെന്റിൽ പങ്കെടുക്കാം. ജേതാക്കൾക്ക് ഒരു ലക്ഷം രൂപയും രണ്ടാം സ്ഥാനക്കാർക്ക് 50,000 രൂപയും സമ്മാനമായി നൽകും. ലഹരിവിരുദ്ധ സന്ദേശമുയർത്തി സംഘടിപ്പിക്കുന്ന ടൂർണമെന്റിൽ പൊലീസ് ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതാക്കളും സിനിമാ താരങ്ങളും പങ്കെടുക്കും. രജിസ്ട്രേഷനായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 95392 32794.

# പഞ്ചാബ് നാഷണൽ ബാങ്ക് പിഎൻബി നിർമാൺ 2025 റീട്ടെയിൽ ലോൺ കാമ്പെയ്ൻ ആരംഭിച്ചു

**ന്യൂഡൽഹി:** മുൻനിര പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) പ്രത്യേക പതിപ്പ് റീട്ടെയിൽ ലോൺ കാമ്പെയ്ൻ 'പിഎൻബി നിർമാൺ 2025' പ്രഖ്യാപിച്ചു. ഉപഭോക്താക്കൾക്ക് ശാഖകളിലും, ബാങ്കിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളായ പിഎൻബി വൺ ആപ്പിലൂടെയും ഔദ്യോഗിക വെബ്സൈറ്റിലൂടെയും വൈവിധ്യമാർന്ന സാമ്പത്തിക റീട്ടെയിൽ ഉൽപ്പന്നങ്ങൾ വാഗ്ദാനം ചെയ്യുന്നതിനാണ് ഈ കാമ്പെയ്ൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ജൂൺ 20 വരെയാണ് കാമ്പെയ്ൻ. ഈ സംരംഭത്തിന്റെ ഭാഗമായി, ഭവന, കാർ വായ്പകൾക്ക് സൗജന്യ പ്രോസസ്സിംഗ്, ഡോക്യുമെന്റേഷൻ ചാർജുകൾ, ഒരു നിശ്ചിത തുക കവിയുന്ന ഭവന വായ്പ ഏറ്റെടുക്കലുകൾക്ക് പൂജ്യം എൻഇസി, നിയമ, മൂല്യനിർണ്ണയ ഫീസ് എന്നിവ പോലുള്ള പ്രത്യേക ആനുകൂല്യങ്ങൾ പിഎൻബി വാഗ്ദാനം ചെയ്യുന്നു.'വീടും കാറും സ്വന്തമാക്കാനുള്ള യാത്ര ലളിതമാക്കുന്ന തരത്തിൽ തയ്യാറാക്കിയ സാമ്പത്തിക പരിഹാരങ്ങൾ ഉപയോഗിച്ച് വാങ്ങുന്നവരെ ശാക്തീകരിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. പിഎൻബി നിർമാൺ ഞങ്ങളുടെ ഉപഭോക്താക്കൾക്കുള്ള ധനസഹായ യാത്ര ലളിതമാക്കാനും ത്വരിതപ്പെടുത്താനും ലക്ഷ്യമിട്ടുള്ളതാണ്," പിഎൻബി എംഡിയും സിഇഒയുമായ അശോക് ചന്ദ്ര പറഞ്ഞു.

ഈ ആനുകൂല്യങ്ങൾക്ക് പുറമേ, നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, വീട്, കാർ, വിദ്യാഭ്യാസ വായ്പകൾ എന്നിവയിൽ 5 ബേസിസ് പോയിന്റ് (ബിപിഎസ്) പലിശ നിരക്ക് ഇളവും കാമ്പെയ്നിൽ ഉൾപ്പെടുന്നു.




# രക്ഷക് പ്ലസ് പദ്ധതിയിലൂടെ സൈനികന് ആദരാഞ്ജലി അർപ്പിച്ച് പഞ്ചാബ് നാഷണൽ ബാങ്ക്

**ന്യൂഡൽഹി:** രാജ്യത്തെ സേവിക്കുന്ന ധീര സൈനികരോടുള്ള തങ്ങളുടെ പ്രതിബദ്ധത വീണ്ടും ഉറപ്പിച്ചുകൊണ്ട്, പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് . ഉത്തർപ്രദേശ് സ്വദേശി രക്തസാക്ഷി ലാൻസ് നായിക് ജിതേന്ദ്ര കുമാർ യാദവിന്റെ കുടുംബത്തിന് 1 കോടി രൂപയുടെ ധനസഹായം കൈമാറി. ഉത്തർപ്രദേശിലെ ബല്ലിയയിലെ സിക്കന്ദർപൂരിൽ നടന്ന ചടങ്ങിലാണ് ധനസഹായം കൈമാറിയത്. പ്രതിരോധ ഉദ്യോഗസ്ഥർക്കും അവരുടെ കുടുംബങ്ങൾക്കും നന്ദിയുടെയും കടമയുടെയും പ്രതീകമായി പിഎൻബിയുടെ രക്ഷക് പ്ലസ് പദ്ധതി ഉയർന്നുവന്നിട്ടുണ്ട്. സ്ഥിരമായ പൂർണ്ണ വൈകല്യമോ മരണമോ സംഭവിച്ചാൽ ഒരു കോടി രൂപയുടെ വ്യക്തിഗത അപകട ഇൻഷുറൻസും, വ്യോമ അപകട മരണത്തിന് 1.5 കോടി രൂപയുടെ കവറേജും, ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. യൂണിഫോമിലുള്ളവരുടെ ആവശ്യങ്ങൾക്കനുസൃതമായി ഭാഗിക വൈകല്യ പരിരക്ഷയും സമഗ്രമായ ആനുകൂല്യങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

പ്രതിരോധം, സിഎപിഎഫ് (കേന്ദ്ര സായുധ പോലീസ് സേന), അർദ്ധസൈനിക ഉദ്യോഗസ്ഥർ, കരസേന, നാവികസേന, വ്യോമസേന, സിആർപിഎഫ്, ബിഎസ്എഫ്, സിഐഎസ്എഫ്, ഐടിബിപി, എസ്എസ്ബി, അഗ്നിവീർ, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, സ്റ്റേറ്റ്, മെട്രോ പോലീസ്, റോ, ഐബി, സിബിഐ, ആർപിഎഫ്, എൻഎസ്ജി, എസ്പിജി, എൻഡിആർഎഫ്, അഗ്നിശമന സേനാംഗങ്ങൾ, ട്രെയിനികൾ, ജെന്റിൽമാൻ കേഡറ്റുകൾ എന്നിവരുൾപ്പെടെ വിവിധ വിഭാഗങ്ങളിലേക്ക് ഈ പദ്ധതി വ്യാപിക്കുന്നു.



# ഉഡുപ്പിസിഎസ്എൽ നിർമിച്ച ഡ്രൈ കാർഗോ കപ്പൽ നോർവേ കമ്പനിക്ക് കൈമാറി

**കൊച്ചി:** കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിൻറെ (സിഎസ്എൽ) പൂർണ ഉടമസ്ഥതയിലുള്ള അ നുബന്ധ സ്ഥാപനമായ കർണാടകയിലെ ഉഡുപ്പി കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡ് (ഉഡുപ്പി സിഎസ്എൽ), 3800 ടൺ ഡിഡബ്ല്യു ഡ്രൈ കാർഗോ കപ്പലുകളുടെ പരമ്പരയിലെ ആദ്യത്തെ കപ്പൽ യൂറോപ്പിലെ ഏറ്റവും വലിയ ഷോർട്ട് സീ ഷിപ്പിംഗ് കമ്പനിയായ നോർവേയിലെ വിൽസൺ ഷിപ്പ് മാനേജ്മെൻറ് എഎസിന് കൈമാറി.ന്യൂ മാംഗ്ലൂർ തുറമുഖത്ത് നടന്ന ചടങ്ങിൽ ന്യൂ മാംഗ്ലൂർ തുറമുഖ അഥോറിറ്റി ചെയർമാൻ ഡോ.വെങ്കട രമണ അക്കരാജുവിൻറെ പത്നി ഡോ. സുഷമ അക്കരാജു പുതിയ കപ്പലിൻറെ ഔപചാരിക വിതരണം അടയാളപ്പെടുത്തി.

ഇത്തരം ആറു കപ്പലുകൾ നിർമിക്കാനാണ് ഉഡുപ്പിസിഎസ്എൽ വിൽസൺ ഷിപ്പ് മാനേജ്മെൻറ് എഎസുമായി ധാരണയിലെത്തിയിരുന്നത്.വെസലുകളുടെ ഉത്പാദനം ആരംഭിച്ചതിനുശേഷം, ഉഡുപ്പിസിഎസ് എല്ലുമായി ചേർന്ന് 1041 കോടി രൂപ ചെലവിൽ എട്ട് 6300 ടിഡിഡബ്ല്യു ജനറൽ കാർഗോ വെസലുകൾ നിർമിക്കുന്നതിനുള്ള മറ്റൊരു കരാറിലും വിൽസൺ ഷിപ്പ് മാനേജ്മെൻറ് എഎസ് ഒപ്പുവച്ചു.

# ദി ജെന്റിൽമെൻസ് ലീഗ് ഓഫ് ലെജൻഡ്സ് പുറത്തിറക്കി

**കൊച്ചി:** ക്രിക്കറ്റിലെ ഇതിഹാസ താരങ്ങളോടുള്ള ബഹുമാനസൂചകമായി ആദിത്യ ബിർള ഫാഷൻ ആൻഡ് റീട്ടെയിൽ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള പീറ്റർ ഇംഗ്ലണ്ട് 'ദി ജെന്റിൽമെൻസ് ലീഗ് ഓഫ് ലെജൻഡ്സ്' പുറത്തിറക്കി. ഇന്ത്യൻ ക്രിക്കറ്റ് ഇതിഹാസം കപിൽ ദേവ്, വെസ്റ്റിൻഡീസ് ഇതിഹാസം സർ വിവിയൻ റിച്ചാർഡ്സ്, അന്താരാഷ്ട്ര ക്രിക്കറ്റിലെ പ്രശസ്ത കമന്റേറ്റർ ഹർഷ ഭോഗ്ലെ എന്നിവരോടുള്ള ബഹുമാനസൂചകമായാണ് രാജ്യത്തെ ഏറ്റവും പ്രശസ്ത ക്രിക്കറ്റ് ഉത്സവമായ ജിയോസ്റ്റാർ ഐപിഎൽ സീസണിനിടെ ദി ലീഗ് ഓഫ് ലെജൻഡ്സ് പുറത്തിറക്കുന്നത്.ക്രിക്കറ്റ് എന്ന ഗെയിമിനോടുള്ള ബഹുമാനസൂചകമായി 2023 ൽ അവതരിപ്പിച്ച ജെന്റിൽമാൻസ് ലീഗ് പുതിയ കാഴ്ചപ്പാടുമായാണ് തിരികെ വരുന്നതെന്ന് കമ്പനി പറയുന്നു. ഒരു കളക്ഷൻ എന്ന നിലയിൽ മാത്രമല്ല, ഒരു സാംസ്കാരിക വിനിമയം എന്ന നിലയിലും ഇത് ശ്രദ്ധേയമാണ്. കപിൽ ദേവ്, സർ വിവിയൻ റിച്ചാർഡ്സ് എന്നിവരുടെ ഏറ്റവും ഐതിഹാസികമായ ക്രിക്കറ്റ് ഫീൽഡിലെ നിമിഷങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഗ്രാഫിക്സ് കൊണ്ട് അലങ്കരിച്ചിരിക്കുന്ന പോളോകളുടെയും ക്രൂനെക്കുകളുടെയും ശ്രദ്ധേയമായ ശ്രേണിയാണ് ലീഗ് ഓഫ് ലെജൻഡ്സ്



ക്യാപ്സ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ജെന്റിൽമെൻസ് ലീഗ് ശേഖരത്തിൽ നിന്ന് തുടരുന്ന പുതിയ ലീഗ് ഓഫ് ലെജൻഡ്സ് ക്യാപ്സ്യൂൾ ഒരു ആഘോഷമാണെന്നും ക്രിക്കറ്റിന്റെ കാലാതീതമായ ആകർഷണത്തിനും അത് രൂപപ്പെടുത്തിയ പ്രതിഭകളുടെ വ്യക്തിപ്രഭാവത്തിനും തങ്ങളുടെ എളിയ ആദരവാണെന്നും പീറ്റർ ഇംഗ്ലണ്ട് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അനിൽ എസ് കുമാർ പറഞ്ഞു. പീറ്റർ ഇംഗ്ലണ്ടിനും അഭിമാനത്തോടെയും അഭിനിവേശത്തോടെയും വസ്ത്രം ധരിക്കുന്ന ഇന്ത്യൻ പുരുഷനും ഇത് ധീരമായ ഒരു പുതിയ അധ്യായമാണെന്നും അദ്ദേഹം പറഞ്ഞു.ലീഗ് ഓഫ് ലെജൻഡ്സ് ശേഖരം ഇപ്പോൾ പീറ്റർ ഇംഗ്ലണ്ടിന്റെ 240ലധികം എക്സ്ക്ലൂസീവ് ബ്രാൻഡ് ഔട്ട്ലെറ്റുകളിലും ബ്രാൻഡിന്റെ ഓൺലൈൻ സ്റ്റോറിലും ലഭ്യമാണ്.




## ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചാൽ കേരളത്തിന് വൻ സാമ്പത്തിക വികസനം സാധ്യം: വി ഡി സതീശൻ

**കൊച്ചി:** ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചാൽ കേരളത്തിന് വൻ സാമ്പത്തിക വികസനം സാധ്യമാകുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർഇൻസൈറ്റ് ലെക്ചർ സീരിസിൽ കേരളത്തിന്റെ സാമ്പത്തിക രംഗം; സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു സതീശൻ.കേരളത്തിന്റെ സാമ്പത്തിക രംഗം സങ്കീർണവും അപൂർവ്വവുമാണെന്ന് സതീശൻ പറഞ്ഞു. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ കാർഷികമോ വ്യവസായികമോ ആയ സാധ്യതകളൊന്നും ഇല്ലെങ്കിലും മറ്റ് പല തരത്തിലും സാധ്യതകളുണ്ട്. നികുതി ശേഖരണം കൃത്യമായി നിർവഹിക്കുകയും ചോർച്ച തടയുകയും ചെയ്യുന്നത് വരുമാന വർധനവിന് വഴി തെളിയിക്കും. ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുകയും വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ആവശ്യമായ കണക്ടിവിറ്റികൾ നിർവഹിക്കുകയും വേണം.സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം ഉറപ്പുവരുത്തുകയും ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുകയും വേണമെന്ന് സതീശൻ ആവശ്യപ്പെട്ടു.സൂക്ഷ്മതയോടെയുള്ള സാമ്പത്തിക വിനിമയവും എല്ലാ കാര്യങ്ങളു സിസ്റ്റമാറ്റിക്കായി നിർവ്വഹിക്കുകയും വേണമെന്നും അദ്ദേഹം പറഞ്ഞു. കേരള സംസ്ഥാനത്തിന് ഇതൊക്കെ സാധിക്കുമെന്നും വി ഡി സതീശൻ വ്യക്തമാക്കി.കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ കെ ശ്രീനിവാസൻ സ്വാഗതവും ജോൺസൺ മാത്യു നന്ദിയും പറഞ്ഞു.



# മണിപ്പാൽ ഹോസ്പിസ് ആന്റ് റെസ്പൈറ്റ് സെന്റർ പ്രവർത്തന സജ്ജം

**കൊച്ചി:** മണിപ്പാൽ ഹോസ്പിസ് ആന്റ് റെസ്പൈറ്റ് സെന്റർ (എംഎച്ച്ആർസി) പ്രവർത്തനസജ്ജമായിരിക്കുന്നുവെന്ന് മണിപ്പാൽ അക്കാദമി ഓഫ് ഹയർ എജ്യൂക്കേഷൻ അധികൃതർ അറിയിച്ചു.ഔദ്യോഗിക ഉദ്ഘാടനം ഏപ്രിൽ 30ന് ആന്ധ്രപ്രദേശ് ഗവർണർ സയ്ദ് അബ്ദുൾ നസീർ നിർവ്വഹിക്കും. ജൂലൈ മാസം മുതൽ ആരോഗ്യപരിചരണ സേവനങ്ങൾ ലഭ്യമായിത്തുടങ്ങുമെന്ന് മണിപ്പാൽ അക്കാദമി ഓഫ് ഹയർ എജ്യൂക്കേഷൻ പ്രൊചാൻസലർ ഡോ. എച്ച്എസ് ബല്ലാൽ പറഞ്ഞു. ഏറ്റവും മികച്ച പാലിയേറ്റീവ് കെയർ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള സാമൂഹ്യക്ഷേമം മുൻനിർത്തിയുള്ള മണിപ്പാൽ അക്കാദമി ഓഫ് ഹയർ എജ്യൂക്കേഷന്റെ പദ്ധതിയാണിത്. ഗുരുതര ആരോഗ്യപ്രശ്നങ്ങൾ പ്രയാസമനുഭവിക്കുന്ന പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികൾക്കും കുടുംബങ്ങൾക്കും സമഗ്രമായ പാലിയേറ്റീവ് പരിചരണം ഇവിടെ ലഭ്യമാകുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.കസ്തൂർബ മെഡിക്കൽ കോളേജ്, കസ്തൂർബ ഹോസ്പിറ്റൽ മണിപ്പാൽ, ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ എന്നിവരുമായി സംയുക്തമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പരിശീലനം ലഭിച്ച പാലിയേറ്റീവ് മെഡിസിൻ ഫിസിഷ്യൻസ്, നഴ്സുമാർ, സൈക്കോളജിസ്റ്റുകൾ, സാമൂഹ്യപ്രവർത്തകർ തുടങ്ങിയവരുടെ സേവനം ഇവിടെ ലഭ്യമാകും. കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ നിന്നും എൻജിഒകളിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. കസ്തൂർബ മെഡിക്കൽ കോളേജിൽ നിന്നും വെറും 4.5 കിലോ മീറ്ററും എൻഎച്ച് 66ൽ നിന്ന് 4 കിലോ മീറ്ററും മാറി സ്വർണാ നദീ തീരത്ത് ശാന്തവും സുന്ദരവുമായ 12 ഏക്കർ ക്യാംപസിലാണ് മണിപ്പാൽ ഹോസ്പിസ് ആന്റ് റെസ്പൈറ്റ് സെന്റർ സ്ഥിതി ചെയ്യുന്നത്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com